©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്

# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 7 Vol. VII | തിരുവനന്തപുരം, ചൊവ്വ Thiruvananthapuram, Tuesday | 2018 ഒക്ടോബർ 2 2nd October 2018 / 1194 കന്നി 16 16th Kanni 1194 / 1940 ആശ്വിനം 10 10th Aswina 1940 | നമ്പർ No. | 39 |

## PART III

# Fire Force Department

### ദർഘാസ്/ലേല പരസ്യം

നമ്പർ ഡി1-4968/2013. 2018 സെപ്റ്റംബർ 5.

കേരള അഗ്നിരക്ഷാസേവന വകുപ്പിന് ഉപയോഗ യോഗ്യമല്ലാത്ത ആലപ്പുഴ അഗ്നിരക്ഷാനിലയത്തിലെ താഴെ പറയുന്ന വാഹനം ഇപ്പോഴത്തെ സ്ഥിതിയും അവസ്ഥയും പരിഗണിച്ച് താഴെ കാണിച്ചിരിക്കുന്ന തീയതിയിൽ ആലപ്പുഴ നിലയത്തിൽ വച്ച് ലേലം/ടെണ്ടർ വഴി വിൽപന നടത്തുന്നതാണ്.

വാഹനത്തിന്റെ തരം, രജിസ്റ്റർ നമ്പർ, മോഡൽ, സൂക്ഷിച്ചിരിക്കുന്ന സ്ഥലം—എമർജൻസി ടെണ്ടർ കെ. ബി. റ്റി-8362, 1984 മോഡൽ, അഗ്നിരക്ഷാനിലയം, ആലപ്പുഴ.

അടങ്കൽ തുക— ` 1,40,000.

നിരതദ്രവ്യം— ` 5,000.

ലേല തീയതിയും സമയവും—23-10-2018, 11 മണി.

ലേല സ്ഥലം—അഗ്നിരക്ഷാനിലയം, ആലപ്പുഴ.

### നിബന്ധനകൾ

1. ലേലത്തിൽ പങ്കെടുക്കുവാനാഗ്രഹിക്കുന്നവർ മേൽ കാണിച്ച തീയതിയിൽ ലേലസ്ഥലത്ത് ഹാജരായി ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുമ്പായി ` 5,000 നിരതദ്രവ്യം അടച്ച് ടോക്കൺ വാങ്ങേണ്ടതാണ്.

2. മേൽ കാണിച്ച വാഹനം ടെണ്ടർ വഴി വാങ്ങാൻ ആഗ്രഹിക്കുന്നവർ ലേലത്തീയതിയുടെ രണ്ട് പ്രവർത്തി ദിവസം മുമ്പ് പകൽ 3 മണിവരെ നേരിട്ടോ തപാൽവഴിയോ ടെണ്ടർ സമർപ്പിക്കേണ്ടതാണ്. 3 മണിക്കു ശേഷം ലഭിക്കുന്ന ടെണ്ടറുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. ടി വാഹനത്തിന് നിരതദ്രവ്യമായി പറഞ്ഞിരിക്കുന്ന ` 5,000-ന്റെ ക്രോസ് ചെയ്യാത്ത ബാങ്ക് ഡ്രാഫ്റ്റ് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, കോട്ടയം ബ്രാഞ്ചിൽ മാറത്തക്കവിധം റീജിയണൽ ഫയർ ഓഫീസർ, ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ്, കോട്ടയം-686 001 എന്ന വിലാസത്തിൽ എടുത്തത് വെള്ളക്കടലാസിൽ തയ്യാറാക്കിയ ടെണ്ടറിനോടൊപ്പം സീൽ ചെയ്ത കവറിൽ അടക്കം ചെയ്യേണ്ടതാണ്. ഡിമാന്റ് ഡ്രാഫ്റ്റ് അടക്കം

ചെയ്യാത്ത ടെണ്ടറുകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. മുദ്ര പതിപ്പിച്ച ടെണ്ടറുകൾ ഉൾക്കൊള്ളുന്ന കവറിന്റെ മുകളിൽ ഏതു വാഹനത്തിനു വേണ്ടിയാണോ ടെണ്ടർ സമർപ്പിക്കുന്നത് പ്രസ്തുത വാഹനം ലേലം കൊള്ളുന്നതിനുള്ള ടെണ്ടർ എന്നും ടെണ്ടർ സമർപ്പിക്കുന്ന ആളിന്റെ അഡ്രസ്സും വ്യക്തമായി എഴുതിയിരിക്കണം. (ഉദാ; അഗ്നിരക്ഷാ സേവന വകുപ്പ്, ആലപ്പുഴ അഗ്നിരക്ഷാ നിലയം എമർജൻസി ടെണ്ടർ കെ. ബി. റ്റി-8362 എന്ന വാഹനം വാങ്ങുന്നതിനുള്ള ടെണ്ടർ'') . ടെണ്ടറുകൾ സമർപ്പിച്ചവർ തങ്ങളുടെ ടെണ്ടറുകൾ സ്വീകരിക്കുന്ന പക്ഷം പണം അടയ്ക്കേണ്ടതിലേക്കായി ലേല സമയത്ത് ലേല സ്ഥലത്ത് ഹാജരായിരിക്കേണ്ടതാണ്. ടെണ്ടർ നൽകിയവർക്കും ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. എന്നാൽ അവർ വീണ്ടും നിരതദ്രവ്യം അടയ്ക്കേണ്ടതില്ല.

3. പരസ്യലേലം അവസാനിച്ചാൽ നേരത്തെ ലഭിച്ചിട്ടുള്ള ടെണ്ടറുകൾ തുറക്കുന്നതും ലേലത്തിലോ ടെണ്ടറിലോ ഏതിലാണോ കൂടുതൽ തുക വിളിച്ചിരിക്കുന്നത്/ രേഖപ്പെടുത്തിയിരിക്കുന്നത് ആ തുക വിളിച്ച/ രേഖപ്പെടുത്തിയ വ്യക്തിയുടെ പേരിൽ ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതും പ്രസ്തുത വ്യക്തി ലേലം/ടെണ്ടർ കൊണ്ട തുകയുടെ 25% അപ്പോൾ തന്നെ അടയ്ക്കേണ്ടതുമാണ്. ലേലം സ്ഥിരപ്പെടുത്തിക്കൊണ്ട് ഹെഡ്ക്വാർട്ടേഴ്സിൽ നിന്നും ഉത്തരവ് ലഭിച്ച് 15 ദിവസത്തിനകം ബാക്കി തുകയും മൊത്തം തുകയ്ക്കുള്ള വില്പന നികുതിയും ഒടുക്കി സ്വന്തം ഉത്തരവാദിത്വത്തിലും ചെലവിലും വാഹനം നീക്കം ചെയ്യേണ്ടതാണ്. ലേലം/ ടെണ്ടർ സ്ഥിരപ്പെടുത്തുന്ന വ്യക്തി ഒഴികെയുള്ളവരുടെ നിരതദ്രവ്യം ലേലം കഴിഞ്ഞാലുടൻ മടക്കിക്കൊടുക്കുന്നതാണ്. ഏതെങ്കിലും കാരണവശാൽ ലേലം/ടെണ്ടർ സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ ലേല നിബന്ധനകൾ ലംഘിക്കുകയാണെങ്കിൽ ടിയാൻ അടച്ച തുക സർക്കാരിലേക്ക് മുതൽകൂട്ടുന്നതും വാഹനം പുനർലേലം ചെയ്യുന്നതുമായിരിക്കും. പുനർ ലേലത്തിൽ എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ ആയത് മുൻപ് ലേലംകൊണ്ട വ്യക്തിയിൽ നിന്നും ഈടാക്കുന്നതും കൂടുതലായി കിട്ടുന്ന തുകയ്ക്ക് മുൻപ് ലേലം കൊണ്ട വ്യക്തിക്ക് അവകാശം ഇല്ലാത്തതും ആകുന്നു.

4. ലേലത്തിൽ പങ്കെടുക്കുന്നവരും ടെണ്ടർ സമർപ്പിച്ചവരും മേൽപ്പറഞ്ഞ നിബന്ധനകൾ അതേപടി പാലിക്കേണ്ടതാണ്. ലേലത്തിൽ പങ്കെടുക്കുവാൻ/ടെണ്ടർ നൽകുവാൻ ആഗ്രഹിക്കുന്നവർക്ക് വാഹനം സൂക്ഷിച്ചിരിക്കുന്ന അഗ്നിരക്ഷാ നിലയത്തിലെ സ്റ്റേഷൻ ഓഫീസറുടെ അനുമതിയോടെ പ്രവർത്തി ദിവസങ്ങളിൽ ഓഫീസ് സമയത്ത് വാഹനം പരിശോധിക്കാവുന്നതാണ്.

5. യാതൊരു കാരണവും കാണിക്കാതെ ലേലം/ടെണ്ടർ നടപടികൾ മാറ്റിവയ്ക്കുന്നതിനും റദ്ദാക്കുന്നതിനും ടെണ്ടറുകൾ അസ്ഥിരപ്പെടുത്തുന്നതിനും താഴെ ഒപ്പ് വെച്ചിരിക്കുന്ന ഓഫീസർക്ക് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്.

റീജിയണൽ ഫയർ ഓഫീസറുടെ
കാര്യാലയം, ഫയർ ആന്റ്
റെസ്ക്യൂ സർവ്വീസസ്, (ഒപ്പ്)
കോട്ടയം. റീജിയണൽ ഫയർ ഓഫീസർ.